## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3789 — 23/08/2017-ൽ മറുപടിക്ക്

## വൈദ്യുതി അപകടങ്ങൾ

| | ചോദ്യം<br><br>**ശ്രീ.മഞ്ഞളാംകുഴി അലി** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി അപകടങ്ങൾ മൂലം മരണമടഞ്ഞവരുടെ കണക്ക് പൊതുജനങ്ങൾ, വൈദ്യുതിബോർഡ് ജീവനക്കാർ, കരാറുകാർ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പൊതുജനങ്ങളായ 58 പേർക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണം സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കൂടാതെ, കെ.എസ്.ഇ.ബി ലിമിറ്റഡിനു വേണ്ടി ജോലി നോക്കുന്നതിനിടയിൽ സ്ഥിരം ജീവനക്കാരായ 6 പേർക്കും കരാർ തൊഴിലാളികളായ 12 പേർക്കും ജീവഹാനി സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ടു ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ മരണമടയുന്ന ഓരോത്തർക്കും എന്തെല്ലാം സഹായങ്ങളാണ് ബോർഡ് നൽകി വരുന്നത്; | (ബി) | അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിൽ വിമുഖത കാണിക്കുക എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതു ജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതിപ്രകാരം 1 ലക്ഷം രൂപയും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾ മൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും വൈദ്യുതാഘാതമേൽക്കുന്നത് മൂലവും മരണം സംഭവിക്കുന്ന പൊതു ജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ച് നൽകി വരുന്നു. |

(--2)

| | | | |
|---|---|---|---|
| | | | ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന സ്ഥിരം ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും അനന്തരാവകാശികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാരം, ശവസംസ്കാര ചെലവ് എന്നിവ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകി വരുന്നു.<br><br>കൂടാതെ, സ്ഥിരം ജീവനക്കാരുടെ അനന്തരാവകാശികൾക്ക് കെ.എസ്.ഇ.ബി തൊഴിലാളി ക്ഷേമ നിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപയും സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാർക്ക് 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭിക്കുന്നതാണ്. കൂടാതെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനത്തിനും അർഹതയുണ്ട്. |
| (സി) | ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണമടയുന്ന കരാർ ജീവനക്കാരുടെ ബന്ധുക്കൾക്ക് അർഹമായ സഹായം പലപ്പോഴും ലഭിക്കുന്നില്ലെന്നകാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരത്തിൽ മരണമടയുന്നവർക്ക് നൽകിവരുന്ന സഹായങ്ങൾ വർദ്ധിപ്പിക്കുമോ; വ്യക്തമാക്കുമോ ; | (സി) | ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന കരാർ ജീവനക്കാരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹതയുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന് താമസം വരുത്തുന്നതിനാലും, അനധികൃതമായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അറിവോ സമ്മതമോ കൂടാതെ പ്രതിഷ്ഠാപനങ്ങളിൽ പണിയെടുക്കുമ്പോൾ അപകടം സംഭവിച്ച് മരണപ്പെടുന്ന സാഹചര്യങ്ങളിലും, നഷ്ടപരിഹാര അർഹത ചോദ്യം ചെയ്ത് അനന്തരാവകാശികൾ വിവിധ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുകയും ചെയ്യുന്ന സാഹചര്യങ്ങളിലും നഷ്ടപരിഹാരം കൈപ്പറ്റുന്നതിന് ലേബർ കമ്മീഷണറുടെ ഓഫീസിൽ പൂർത്തീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള അജ്ഞതമൂലവും നഷ്ടപരിഹാരം അനന്തരാവകാശികളിൽ എത്തുന്നതിന് കാലതാമസത്തിന് കാരണമാകുന്നുണ്ട്. 1923-ലെ തൊഴിലാളി |

(...3)

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾ പ്രകാരവും ആയതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന കരാർ ജോലികളിൽ സംഭവിക്കുന്ന അപകട മരണങ്ങൾക്ക് കാലവിളംബം കൂടാതെ നഷ്ടപരിഹാരം അനുവദിച്ചു വരുന്നു. 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിൽ നഷ്ടപരിഹാര വർദ്ധന, ഭേദഗതികൾ പ്രകാരം ആയതിനാൽ സ്വമേധയാ വർദ്ധന വരുത്തുവാൻ നിയമപ്രകാരം പരിമിതികളുണ്ട്. |
| (ഡി) | വർദ്ധിച്ചുവരുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വർദ്ധിച്ചുവരുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>എല്ലാ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസ്സുകൾ നടത്തുകയും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ ജോലി സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തുകയും വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br>പൊതുജനങ്ങളുടെയും കുട്ടികളുടെയും സുരക്ഷാവബോധം ഉയർത്തുന്നതിനായി ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ ദൃശ്യ/ശ്രവ്യ/പത്ര മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം മുതലായ വിവിധ പരിപാടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ